ഭരണഭാഷ-മാതൃഭാഷ

സാമ്പത്തിക സ്ഥിതിവിവര കണക്ക് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,

നം.ജി -11457/2020/ഡിഇഎസ് തീയതി. 10/03/2020

## പരിപത്രം

വിഷയം :- ഡി.ഇ.എസ് - ജനറൽ - 11-ാമത് ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശകൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- 11-ാമത് ശമ്പള പരിഷ്കരണ കമ്മീഷന്റെ 105/A1/2020/XI PRC നമ്പർ കത്ത്.

11-ാമത് ശമ്പള പരിഷ്കരണ കമ്മീഷൻ സൂചന പ്രകാരം ലഭ്യമാക്കിയിട്ടുള്ള ചോദ്യാവലിക്ക് വകുപ്പ് നൽകുന്ന മറുപടിയിൽ ഉൾപ്പെടുത്തുവാനായി ക്രിയാത്മകമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുന്നോട്ടുവെയ്ക്കുവാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 13/03/2020-ന് മുമ്പായി ecostatgen@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ചോദ്യാവലി ഉള്ളടക്കം ചെയ്യുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ക

1. ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഡയറക്ടർ / അഡീഷണൽ ഡയറക്ടർമാരുടെ സി.എ.
2. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
3. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
4. നോട്ടീസ് ബോർഡ്.
5. ഫയൽ / കരുതൽ ഫയൽ

എസ്.കെ

<u>ചോദ്യാവലി</u>

<u>കുറിപ്പുകൾ</u> :-

1. പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ ലഭ്യമാക്കുക എന്നതാണ് ചോദ്യാവലിയുടെ ഉദ്ദേശ്യം. ചോദ്യങ്ങളുടെ ഉള്ളടക്കം, രചനാശൈലി ഇവ ശമ്പളപരിഷ്കരണക്കമ്മീഷന്റെ വീക്ഷണമായി കണക്കാക്കേണ്ടതില്ല.
2. ഉത്തരങ്ങൾ/മറുപടികൾ എല്ലാ വകുപ്പുകൾക്കും പൊതുവായി ബാധകമോ പ്രത്യേക വകുപ്പുകൾക്ക് മാത്രം ബാധകമോ ആകാവുന്നതാണ്.
3. താങ്കൾക്ക് താത്പ്പര്യമുള്ള വിഷയങ്ങളിൽ 250 വാക്കുകളിൽ അധികമാകാതെ അനുബന്ധ രേഖകൾ സഹിതം വിവരണാത്മക മറുപടി നൽകാവുന്നതാണ്.
4. ചോദ്യാവലിയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും കമ്മീഷന്റെ പരിശോധനാ വിഷയങ്ങളിൽ ഉൾപ്പെട്ടവയുമായി ബന്ധമുള്ള നിർദ്ദേശങ്ങളും നിവേദനങ്ങളും കമ്മീഷൻ സ്വീകരിക്കുന്നതാണ്.
5. ഉത്തരങ്ങൾ/മറുപടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആകാം.